മാറാപ്പുറമ്പ് പ്രദേശത്തെ സംശയാസ്പദ മരണങ്ങൾ

39 [813] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയ്ക്കടുത്ത് മാലാപ്പറമ്പ് പ്രദേശത്ത് അടിക്കടിയുണ്ടാകുന്ന സംശയാസ്പദ മരണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ കേസുകളുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25-8-2003-ന് കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മാലാപ്പറമ്പ് എന്ന സ്ഥലത്ത് എം. ഇ. എസ്. മെഡിക്കൽ കോളേജിന് മുൻവശം പബ്ലിക് റോഡരുകിലായി സുമാർ 18 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു അജ്ഞാത സ്ത്രീയുടെ മൃതദേഹം കാണപ്പെട്ടതിനെ ക്രൈം നമ്പർ 121/03 യു/സി അസ്വാഭാവിക മരണം ആയും 28-12-2004-ൽ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മാലാപ്പറമ്പ് മത്താൻ വളവ് എന്ന സ്ഥലത്ത് പബ്ലിക് റോഡിൽ നിന്നും 25 മീറ്റർ കിഴക്കുമാറി റബ്ബർ തോട്ടത്തിൽ സുമാർ 40 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു അജ്ഞാത സ്ത്രീയുടെ മൃതദേഹം കാണപ്പെട്ട കാര്യത്തിൽ ക്രൈം നമ്പർ 766/04 യു/സി സംശയാസ്പദ മരണം ആയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കൊളത്തൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 121/03 യു/സി അസ്വാഭാവിക മരണം കേസ്സിന്റെ അന്വേഷണത്തിൽ മരണപ്പെട്ട സ്ത്രീ മങ്കട അംശം കൂട്ടിൽ ദേശത്ത് കുന്നശ്ശേരി അബ്ദുൾ അസീസ് മകൾ സജ്ന എന്ന 18 വയസ്സുള്ള വിദ്യർത്ഥിനിയാണെന്നും ടിയാളെ മങ്കട അംശം കൂട്ടിൽ ദേശത്ത് ചണ്ണൻ കുന്നൻ അബ്ദുൾ അസ്സീസ് മകൻ അബ്ദുൾ നാസർ എന്ന 23 വയസ്സുള്ള ഓട്ടോറിക്ഷ ഡ്രൈവർ അബ്ദുൾ അസ്സീസിന്റെ ജ്യേഷ്ഠൻ ജമാലുദ്ദീനും കുടുംബവും താമസിക്കുന്ന വീട്ടിൽ മറ്റാരും ഇല്ലാത്ത സമയത്ത് സജ്നയെ ടിയാളുടെ അനുജൻ സൈക്കിളിൽനിന്ന് വീണ് പരുക്കുപറ്റി ടി വീട്ടിൽ കിടക്കുന്നുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് ടി വീട്ടിനകത്തേക്ക് കയറ്റി ലൈംഗികമായി പീഡിപ്പിക്കാനുള്ള ഉദ്ദേശത്തോടെ കയറിപ്പിടിച്ചതിൽ സജ്ന എതിർത്തതിനെ തുടർന്ന് സജ്നയുടെ തന്നെ ഷാൾ ഉപയോഗിച്ച് കഴുത്തിലിട്ട് മുറുക്കി ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി പ്രതി തന്നെ ഓട്ടോറിക്ഷയിൽ കയറ്റി മൃതദേഹം മാലാപ്പറമ്പ് കൊണ്ടുവന്ന് ഉപേക്ഷിച്ചതാണെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കേസ്സിന്റെ കുറ്റ വകുപ്പ് 302, 354, 201 ഐ. പി. സി. എന്നാക്കി അന്വേഷണം നടത്തി വരുന്നതും കെമിക്കൽ പരിശോധനാഫലം ലഭിച്ചിട്ടില്ലാത്തതിനാൽ അന്വേഷണാവസ്ഥയിൽ തുടരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പെരിന്തൽമണ്ണ പി. എസ്. ക്രൈം നമ്പർ 766/04/യു/സി സസ്പിഷ്യസ് ഡെത്ത് കേസിൽ മരണപ്പെട്ട 40 വയസ്സുള്ള സ്തീയുടെ മൃതദേഹം പോസ്റ്റ്മാർട്ടം ചെയ്തതിൽ ടി സ്ത്രീയെ കഴുത്തിൽ കേബിളോ കേബിൾ പോലെയുള്ള മറ്റെന്തോ ഉപയോഗിച്ച് കഴുത്തിലിട്ട് മുറുക്കി കൊലപ്പെടുത്തിയിട്ടുള്ളതാണെന്ന് വ്യക്തമായിട്ടുള്ളതും പത്ര മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും മരണപ്പെട്ട സ്ത്രീയുടെ ഫോട്ടോ സഹിതം പരസ്യം ചെയ്യുകയും കേരളത്തിലെ എല്ലാ ഡി.സി.ആർ.ബി.-കളിലേക്കും ഫോട്ടോ സഹിതമുള്ള ക്രൈം കാർഡുകൾ അയച്ചും അന്വേഷണ സ്കാഡ് രൂപീകരിച്ച് കേരളം, തമിഴ്നാട് ഭാഗങ്ങളിൽ അന്വേഷിച്ചും, അന്വേഷണം നടത്തിവരുന്നതും മരണപ്പെട്ട സ്ത്രീ ആരാണെന്ന് നാളിതുവരെ അറിയാൻ കഴിഞ്ഞിട്ടില്ലാത്തതും 302 ഐ. പി. സി. പ്രകാരം വകുപ്പുമാറ്റം നടത്തിയിട്ടുള്ളതും കേസിന്റെ അന്വേഷണം നടത്തി വരുന്നതുമാണ്.

(ഡി) ഉണ്ട്. കൊളത്തൂർ പി. എസ്. ക്രൈം നമ്പർ 121/03 കേസിൽ പ്രതി ചണ്ണേൻ കുന്നൻ അബ്ദുൾ അസ്സീസ് മകൻ അബ്ദുൾ നാസറിനെ 26-8-2003-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. പെരിന്തൽമണ്ണ പി. എസ്. ക്രൈം നമ്പർ 766/04 കേസിൽ മരണപ്പെട്ട സ്ത്രീ ഏതാണെന്ന് തിരിച്ചറിയുകയോ കൃത്യം ചെയ്ത പ്രതി ആരാണെന്ന് വ്യക്തമാവുകയോ ചെയ്തിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസ്സുകൾ

40 [814] ശ്രീ. എം. എം. ഹസ്സൻ :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. കെ. മുഹമ്മദാലി :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥൻമാർ ദളിതരെ പീഡിപ്പിച്ച എത്ര സംഭവങ്ങൾ 2000 ജനുവരി ഒന്നു മുതൽ നാളിതുവരെ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ സംഭവങ്ങളിൽ എത്ര പേരുടെ പേരിൽ കേസ്സെടുത്തു ;

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാരെ പീഡിപ്പിച്ചതിന് എത്ര പേരുടെ പേരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി, സി) പോലീസ് ഉദ്യോഗസ്ഥർ ദളിതരെ പീഡിപ്പിച്ച മൂന്ന് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്മേൽ മൂന്ന് കേസ്സുകൾ എടുക്കുകയും മൂന്നുപേരുടെ പേരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly